# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15-12-2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ത്രിരാഷ്ട്ര സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് യാത്ര തിരിക്കും; ജോർദാൻ, എത്യോപ്യ, ഒമാൻ എന്നിവിടങ്ങളിലേക്കാണ് സന്ദർശനം.

   **Prime Minister Narendra Modi will embark on a three-nation visit to Jordan, Ethiopia and Oman today.**

2. ആക്രമണാത്മക പ്രസ്താവനകൾ നടത്താൻ ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനക്ക് അനുവാദം നൽകുന്നുവെന്ന ഇടക്കാല സർക്കാരിൻറെ ആരോപണം തള്ളി ഇന്ത്യ.

   **India has categorically rejected the assertions made by the interim Government of Bangladesh in its yesterday's press note, citing that New Delhi is allowing former premier Sheikh Hasina to make incendiary statements to her supporters.**

3. ഡൽഹിയിൽ വായു മലിനീകരണം അതിരൂക്ഷം; കൂടുതൽ നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ.

   **Air pollution in Delhi turns severe; additional restrictions come into force.**

   തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൻറെ ഭാഗമായി കേരളത്തിൽ 99.71 ശതമാനം എന്യൂമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

   **As part of the second phase of SIR, 99.71% of enumeration forms in Kerala have been digitized, said Chief Electoral Officer Ratan U. Kelkar.**

4. സിഡ്നി വെടിവയ്പ്പിൽ മരിച്ചവരുടെ എണ്ണം 15 ആയി; ആക്രമണത്തെ അപലപിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**In Australia, death toll in Sydney shootout has risen to 15. Prime Minister Narendra Modi strongly condemned the terrorist attack.**

5. ദക്ഷിണാഫ്രിക്കയ്ക്കെതിരായ ട്വന്റി-20 പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യക്ക് ഏഴ് വിക്കറ്റ് വിജയം.

**India defeated South Africa by seven wickets in the third T-20 of the five-match series.**

**&&&&&&&&&&&&&&&&**

## PM VISIT (INTRO)

ത്രിരാഷ്ട്ര സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് യാത്ര തിരിക്കും. ജോർദാൻ, എത്യോപ്യ, ഒമാൻ എന്നിവിടങ്ങളിലേക്കാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. **വിശദാംശങ്ങളിലേക്ക്...**

**(വോയ്സ് )**

ത്രിരാഷ്ട്ര പര്യടനത്തിൻറെ ആദ്യ ഘട്ടത്തിൽ, ജോർദാൻ സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി ഉഭയകക്ഷി ബന്ധം അവലോകനം ചെയ്യുന്നതിനും പ്രാദേശിക വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറുന്നതിനുമായി അബ്ദുള്ള രണ്ടാമൻ രാജാവുമായി കൂടിക്കാഴ്ച നടത്തും. ഇരു രാജ്യങ്ങളും തമ്മിൽ നയതന്ത്രബന്ധം സ്ഥാപിച്ചതിൻറെ 75-ാാം വാർഷികത്തോടനുബന്ധിച്ചാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. നാല് പതിറ്റാണ്ടിനിടെ ഒരു ഇന്ത്യൻ പ്രധാനമന്ത്രി ജോർദാനിലേക്കു നടത്തുന്ന ആദ്യ സമ്പൂർണ്ണ ഉഭയകക്ഷി സന്ദർശനമാണിത്. നാളെ പ്രധാനമന്ത്രി എത്യോപ്യയിലേക്ക് തൻറെ ആദ്യ സന്ദർശനത്തിനായി പുറപ്പെടും. എത്യോപ്യൻ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുന്ന ശ്രീ. നരേന്ദ്ര മോദി ഉഭയകക്ഷി ബന്ധത്തിൻറെ വിവിധ വശങ്ങളെക്കുറിച്ചു വിശാലമായ ചർച്ചകൾ നടത്തും. ഇരു രാജ്യങ്ങളും നയതന്ത്ര ബന്ധം സ്ഥാപിച്ചതിൻറെ 70 വാർഷികത്തിൽ ഒമാനിലെത്തുന്ന പ്രധാനമന്ത്രി മോദി,

സുൽത്താൻ ഹൈതം താരിക്കിനെ സന്ദർശിക്കും.
**ന്യൂസ് ഡെസ്ക്, ആകാശവാണി...**

**&&&&&&&&&&&&&&&&**

## NRI – RAJEEV (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജോർദൻ സന്ദർശനത്തിൽ ഏറെ പ്രതീക്ഷയുണ്ടെന്ന് പ്രവാസിയായ രാജീവ് ആകാശവാണിയോട് പറഞ്ഞു.
(വോയിസ്....)

**&&&&&&&&&&&&&&&&**

## INFORMATION COMMISSIONER

രാജ്യത്തെ മുഖ്യ വിവരാവകാശ കമ്മീഷണറായി രാജ്കുമാർ ഗോയൽ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലിക്കൊടുക്കും. നീതിന്യായ വകുപ്പ് സെക്രട്ടറിയായി വിരമിച്ച ശ്രീ രാജ്കുമാർ ഗോയൽ ജമ്മു കശ്മീരിലും സുപ്രധാന സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട് .

**&&&&&&&&&&&&&&&&**

## PARLIAMENT

പാർലമെൻറിൻറെ ശീതകാല സമ്മേളനം തുടരുന്നു. തിരഞ്ഞെടുപ്പ് പരിഷ്കരണങ്ങൾ സംബന്ധിച്ച ചർച്ച രാജ്യസഭയിൽ ഇന്നും തുടരും. ധനവിനിയോഗ ബിൽ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും.

**&&&&&&&&&&&&&&&&**

## RAILWAYS ELECTRIFICATION

റെയിൽവേയുടെ മുഴുവൻ ബ്രോഡ്-ഗേജ് ശൃംഖലയുടെയും വൈദ്യുതീകരണം അവസാനഘട്ടത്തിലെന്ന് കേന്ദ്രസർക്കാർ. 2019 മുതൽ 2025 വരെ 33,000 കിലോമീറ്ററിലധികം വൈദ്യുതീകരിച്ചതായി റെയിൽവേ മന്ത്രാലയം അറിയിച്ചു. ജർമ്മനിയുടെ മുഴുവൻ

റെയിൽവേ ശൃംഖലയുടെ ദൈർഘ്യത്തിന് തുല്യമായ ദൂരമാണിതെന്നും മന്ത്രാലയം പറഞ്ഞു.

**&&&&&&&&&&&&&&&&**

## MEA – BANGLADESH

ആക്രമണാത്മക പ്രസ്താവനകൾ നടത്താൻ മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനക്ക് കേന്ദ്രസർക്കാർ അനുവാദം നൽകുന്നുവെന്ന ബംഗ്ലാദേശ് ഇടക്കാല സർക്കാരിൻറെ ആരോപണത്തെ ഇന്ത്യ തള്ളി. ബംഗ്ലാദേശ് ജനതയുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾക്ക് ഇന്ത്യയെ ഉപയോഗിക്കാൻ ഒരിക്കലും അനുവദിച്ചിട്ടില്ലെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ആഭ്യന്തര ക്രമസമാധാനം ഉറപ്പാക്കാൻ ഇടക്കാല സർക്കാർ നടപടി സ്വീകരിക്കുമെന്ന് ഇന്ത്യ പ്രതീക്ഷിക്കുന്നതായും മന്ത്രാലയം വ്യക്തമാക്കി.

**&&&&&&&&&&&&&&&&**

## AUSTRALIA – SHOOT OUT

ഓസ്ട്രേലിയയിലെ സിഡ്നിയിലുണ്ടായ വെടിവയ്പ്പിൽ മരിച്ചവരുടെ എണ്ണം 15 ആയി. 28 പേർക്ക് പരിക്കേറ്റു. സംഭവത്തിൽ ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആൻറണി അൽബനീസ് അതീവ ദുഃഖം രേഖപ്പെടുത്തി. ആക്രമണത്തെ അപലപിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, ഭീകരതയ്ക്കെതിരായ പോരാട്ടത്തിനു പിന്തുണയും പ്രഖ്യാപിച്ചു. വിദേശകാര്യമന്ത്രി എസ് ജയ്ശങ്കറും ആക്രമണത്തെ അപലപിച്ചു.

**&&&&&&&&&&&&&&&&**

## US VISA

എച്ച്-1ബി വിസ അപേക്ഷകരുടെയും അവരുടെ ആശ്രിതരായ എച്ച്-4 വിസ അപേക്ഷകരുടെയും സമൂഹ മാധ്യമ പ്രൊഫൈലുകളുടെ പരിശോധനയും സ്ക്രീനിംഗ് പരിശോധനയും യുഎസ് ഗവൺമെൻ്റ് ഇന്ന് മുതൽ ആരംഭിക്കുമെന്ന് സ്റ്റേറ്റ് ഡിപ്പാർട്മെൻറ് അറിയിച്ചു. ഇതുവരെ വിദ്യാർത്ഥികളും

എക്സ്ചേഞ്ച് വിസിറ്റർമാരും മാത്രമാണ് ഈ പരിശോധനയ്ക്ക് വിധേയരായിരുന്നത്. പരിശോധന സുഗമമാക്കുന്നതിന് എച്ച്-1ബി, എച്ച്-4, എഫ്, എം, ജെ എന്നീ നോൺ-ഇമിഗ്രൻറ് വിസകൾക്ക് അപേക്ഷിക്കുന്നവരും അവരുടെ എല്ലാ സോഷ്യൽ മീഡിയ പ്രൊഫൈലുകളുടെയും സെറ്റിങ്ങുകൾ പ്രൈവസിയിൽ നിന്ന് പബ്ലിക് ആക്കി മാറ്റണമെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറ് നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## DELHI AIR POLLUTION

ഡൽഹിയിൽ വായു മലിനീകരണം അതിരൂക്ഷം. ഗുരുതരസാഹചര്യം മുൻനിർത്തി എല്ലാ സ്കൂളുകളിലും 9 മുതൽ 11 വരെ ക്ലാസുകൾ ഹൈബ്രിഡ് രീതിയിൽ നടത്താൻ വിദ്യാഭ്യാസ ഡയറക്ടറേറ്റ് നിർദ്ദേശം നൽകി. പ്രതിരോധ മാർഗത്തിൻറെ ഭാഗമായി ഗ്രേഡഡ് റെസ്പോൺസ് കർമപദ്ധതിയുടെ നാലാം ഘട്ട നടപടികൾ പ്രാബല്യത്തിൽ വന്നു. എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും നിരോധനം ഏർപ്പെടുത്തി. അവശ്യസേവനങ്ങൾക്കല്ലാതെ ട്രക്കുകൾ പോലുള്ള വലിയ വാഹനങ്ങൾ ഡൽഹിയിലേക്ക് പ്രവേശിക്കുന്നതും നിരോധിച്ചു. എല്ലാ സർക്കാർ, സ്വകാര്യ ഓഫീസുകളിലും 50 ശതമാനം ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം ഏർപ്പെടുത്താൻ ഡൽഹി സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## BJP-NITIN NABIN

ബി.ജെ.പിയുടെ ദേശീയ വർക്കിംഗ് പ്രസിഡൻറായി ബിഹാർ മന്ത്രി നിതിൻ നബിനെ പാർട്ടി പാർലമെൻററി ബോർഡ് നിയമിച്ചു. അഞ്ച് തവണ എംഎൽഎയായ അദ്ദേഹം പട്നയിലെ ബങ്കിപൂരിൽ നിന്നാണ് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. നിതീഷ്കുമാർ മന്ത്രിസഭയിൽ പൊതുമരാമത്ത് മന്ത്രിയാണ് ശ്രീ നിതിൻ നബിൻ. പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തെ അഭിനന്ദിച്ചു.

&&&&&&&&&&&&&&&&

## MESSI TOUR-DELHI

ഇന്ത്യൻ പര്യടനത്തിൻറെ ഭാഗമായി ഫുട്ബോൾ ഇതിഹാസം അർജൻ്റീനയുടെ ലയണൽ മെസ്സി ഇന്ന് ഡൽഹിയിലെത്തും. ഉച്ചയ്ക്ക് ഒരു മണി മുതൽ നാല് മണി വരെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്താലാണ് മെസി എത്തുന്നത്. സന്ദർശനത്തിൻറെ ഭാഗമായി ഡൽഹിയിൽ ഗതാഗത നിയന്ത്രണങ്ങൾ ശക്തമാക്കി. ഇത് സംബന്ധിച്ച മാർഗനിർദേശങ്ങൾ ഡൽഹി ട്രാഫിക് പോലീസ് പുറപ്പെടുവിച്ചു. മുംബൈ സന്ദർശനം പൂർത്തിയാക്കിയാണ് മെസി ഇന്ന് ഡൽഹിയിൽ എത്തുന്നത്.

&&&&&&&&&&&&&&&&

## ANNOUNCEMENT

**ഒരു അറിയിപ്പ്**

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം ഇന്നു മുതൽ രണ്ടു പുതിയ പ്രത്യേക വാർത്താബുള്ളറ്റിനുകൾ കൂടി പ്രക്ഷേപണം ചെയ്യും.

രാവിലെ 11 മണിക്കും വൈകിട്ട് മൂന്ന് മണിക്കും അഞ്ച് മിനിറ്റ് ദൈർഘ്യമുള്ള ബുള്ളറ്റിനുകളാണ് ശ്രോതാക്കൾക്ക് മുന്നിലേക്ക് എത്തിക്കുന്നത്.

&&&&&&&&&&&&&&&&

## SIR KERALA

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൻറെ ഭാഗമായി കേരളത്തിൽ ഇന്നലെ വൈകിട്ട് 6 മണിയോടെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ടുകോടി 77 ലക്ഷത്തി 69,637ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 99.71 ശതമാനമാണ്. ഫോമുകൾ ഇനിയും തിരികെ നൽകാത്തവർ എത്രയും വേഗം പൂരിപ്പിച്ച്

ബി എൽ ഒമാരെ ഏല്പിക്കണമെന്നും ശ്രീ രത്തൻ യു കേൽക്കർ അറിയിച്ചു.

&&&&&&&&&&&&&&&&

## ELECTION COMMISSION

തദ്ദേശ തിരഞ്ഞെടുപ്പിൽ സ്ഥാനാർഥികളും രാഷ്ട്രീയപാർട്ടികളും പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ച പ്രചാരണ സാമഗ്രികൾ ഉടൻ നീക്കം ചെയ്യണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ. നീക്കം ചെയ്യാത്തവ തദ്ദേശസ്ഥാപനങ്ങൾ നീക്കം ചെയ്ത്, സ്ഥാനാർഥികളുടെ തിരഞ്ഞെടുപ്പ് ചെലവിൽ ഉൾപ്പെടുത്തുമെന്നും കമ്മീഷണർ അറിയിച്ചു. കേരളത്തിൽ മാതൃകാ പെരുമാറ്റചട്ടം ഈ മാസം 18 വരെ തുടരും.

**&&&&&&&&&&&&&&&&**

## IFFK (INTRO)

30-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്ര മേള നാലാം ദിവസത്തിലേക്ക് കടക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

**(വോയ്സ്)**

**&&&&&&&&&&&&&&&&**

## CJI- TECHNOLOGY

മനുഷ്യൻറെ വിധിനിർണയ ശേഷിക്കു പകരം വയ്ക്കാനുള്ളതല്ല സാങ്കേതികവിദ്യയെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത്. തീരുമാനങ്ങൾ എടുക്കാനുള്ള മനുഷ്യൻറെ ശേഷിയെ ശക്തിപ്പെടുത്താനാണ് സാങ്കേതികവിദ്യയെ ഉപയോഗിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ദരിദ്രരെയും പ്രായമായവരെയും ഡിജിറ്റൽ രംഗത്ത് അപരിചിതരെയും ഒഴിവാക്കുന്ന പരിഷ്കാരങ്ങൾ പരിഷ്കരണമല്ല, മറിച്ച് പിന്നാക്കാവസ്ഥയാണെന്നും സിമ്പോസിയത്തിൽ സംസാരിക്കവേ ജസ്റ്റിസ് സൂര്യകാന്ത് വ്യക്തമാക്കി.

**&&&&&&&&&&&&&&&&**

## GOVERNOR -AWARD

ജനാധിപത്യത്തിൽ, ഓരോ സ്ഥാപനത്തിനും അതിൻറേതായ പരിധികളുണ്ടെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. അത് മനസ്സിലാക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത് ആരോഗ്യകരമായ പ്രവർത്തനത്തിന് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസും കേരള ഗവർണറുമായിരുന്ന പി. സദാശിവത്തിന് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ പുരസ്കാരം സമ്മാനിക്കുകയായിരുന്നു ഗവർണർ.

&&&&&&&&&&&&&&&&

## IND - SA T20 CRICKET

ദക്ഷിണാഫ്രിക്കക്കെതിരായ ടി-ട്വൻറി പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യക്ക് ഏഴ് വിക്കറ്റ് വിജയം. ദക്ഷിണാഫ്രിക്ക മുന്നോട്ടുവച്ച 118 റൺസ് വിജയലക്ഷ്യം ഇന്ത്യ 15.5 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ മറികടന്നു. അഭിഷേക് ശർമ്മ 35 റൺസുമായി ടോപ് സ്കോററായി. ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക നിശ്ചിത 20 ഓവറിൽ 117 റൺസിന് ഓൾ ഔട്ടായി. ഇന്ത്യയ്ക്കായി അർഷ്ദീപ് സിംഗ്, ഹർഷിത് റാണ, വരുൺ ചക്രവർത്തി, കുൽദീപ് യാദവ് എന്നിവർ രണ്ട് വിക്കറ്റ് വീതം വീഴ്ത്തി. അഞ്ച് മത്സര പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്. നാലാമത്തെ മത്സരം ബുധനാഴ്ച ലഖ്നൗവിൽ നടക്കും.

&&&&&&&&&&&&&&&&

## SQUASH WORLDCUP

സ്ക്വാഷ് ലോകകപ്പിൽ, കന്നിക്കിരീടം ചൂടി ഇന്ത്യ. ചെന്നൈയിൽ നടന്ന ഫൈനലിൽ ഇന്ത്യ ടോപ് സീഡായ ഹോങ്കോങ്ങിനെയാണ് പരാജയപ്പെടുത്തിയത്. ഇന്ത്യയുടെ ജോഷ്ന ചിന്നപ്പ, അഭയ് സിംഗ്, അനാഹത് സിംഗ് എന്നിവർ മികച്ച പ്രകടനം കാഴ്ച വച്ചു.

&&&&&&&&&&&&&&&&

## UNDER 19 CRICKET

ഏഷ്യ കപ്പ് അണ്ടർ 19 ഏകദിന ക്രിക്കറ്റിൽ പാകിസ്ഥാനെ 90 റൺസിന് പരാജയപ്പെടുത്തി ഇന്ത്യ. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നേടിയ 240 റൺസ് പിന്തുടർന്ന പാകിസ്ഥാൻ 150 റൺസിന് എല്ലാവരും പുറത്തായി.

**&&&&&&&&&&&&&&&&**

**REV DAY-IMD WEATHER**

തെലങ്കാനയിലും കർണാടകയുടെ ഉൾപ്രദേശങ്ങളിലും ഇന്ന് ശീതക്കാറ്റിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. വരും ദിവസങ്ങളിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കനത്ത മൂടൽമഞ്ഞിനും സാധ്യത. ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്കു സാധ്യതയെന്നും കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.

**&&&&&&&&&&&&&&&&**

**&&&&&&&&&&**

**&&&**